പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4126 16.05.2017-ലെ മറുപടിക്ക്

## കൊട്ടാരക്കര കെ.എസ്.ആർ.ടി .സി ഡിപ്പോ

ചോദ്യം
ശ്രീമതി.പി. അയിഷാ പോറ്റി

ഉത്തരം
ശ്രീ. തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര കെ. എസ്.ആർ.ടി.സി ഡിപ്പോയിൽ സർവ്വീസ് നടത്തി വന്ന എത്ര ബസുകൾ നിർത്തലാക്കി; | (എ) യും (ബി) യും (സി) യും | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൊട്ടാരക്കര കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ നിന്നും നടത്തിയിരുന്ന സർവ്വീസുകൾ ഒന്നും തന്നെ നിർത്തലാക്കിയിട്ടില്ല. അഞ്ച് ബസ്സുകൾ കാലപ്പഴക്കത്തെ തുടർന്ന് നിരത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 17 പുതിയ ബസ്സുകൾ ഈ കാലയളവിൽ നല്കിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത സർവ്വീസുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | | |
| (സി) | പ്രസ്തുത സർവ്വീസുകൾ നിർത്തലാക്കാനുള്ള കാരണങ്ങൾ വിശദമാക്കാമോ; | | |
| (ഡി) | ഈ സർക്കാരിന്റെ കാലയളവിൽ പുതിയതായി ആരംഭിച്ചതും സർവ്വീസ് തുടർച്ചയായി നടത്താത്തതുമായ സർവ്വീസുകൾ ഏതെല്ലാമാണ് എന്നറിയിക്കാമോ? | (ഡി) | ഈ സർക്കാരിന്റെ കാലയളവിൽ പുതിയതായി ആരംഭിച്ച സർവ്വീസുകൾ സ്ഥിരമായി റദ്ദ് ചെയ്തിട്ടില്ല. എന്നാൽ ചില ദിവസങ്ങളിൽ ജീവനക്കാരുടെ അഭാവം മൂലം താൽക്കാലികമായി റദ്ദ് ചെയ്യേണ്ടി വന്നിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ